പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5671

18.11.2019 ൽ മറുപടിയ്ക്ക്

## വികലാംഗ ക്ഷേമ കോർപ്പറേഷന്റെ മുച്ചക്രവണ്ടി നൽകൽ പദ്ധതി

ചോദ്യം

ശ്രീ.ഇ.കെ.വിജയൻ

മറുപടി

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) വികലാംഗ ക്ഷേമ കോർപ്പറേഷന്റെ മുച്ചക്രവണ്ടി നൽകൽ പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ; | (എ) കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനിൽ മുച്ചക്ര വാഹനത്തിനായി 2016 ഡിസംബർ 31 വരെ അപേക്ഷ സമർപ്പിച്ച ഭിന്നശേഷിക്കാർക്ക് മുച്ചക്രവാഹന വിതരണം നടന്നുകൊണ്ടിരിക്കുകയാണ്. തുടർന്നുള്ള വർഷങ്ങളിലെ അപേക്ഷകൾ ഇതിനായി രൂപീകരിച്ചിട്ടുള്ള സെലക്ഷൻ കമ്മിറ്റി പരിശോധിച്ച് അംഗീകാരത്തോടെ സർക്കാരിന്റെ ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് മുൻഗണനകൾക്കും മാനദണ്ഡങ്ങൾക്കും അനുസരിച്ച് വിതരണം നടത്തുന്നതാണ്. |
| (ബി) നാദാപുരം മണ്ഡലത്തിലെ തൂണേരി ബ്ലോക്കിലെ എടച്ചേരി ഗ്രാമപഞ്ചായത്തിലെ ശ്രീമതി ജയശ്രീയുടെ മുച്ചക്രവണ്ടിക്ക് വേണ്ടിയുള്ള അപേക്ഷയുടെ തൽസ്ഥിതി വെളിപ്പെടുത്താമോ;<br>(സി) ശ്രീമതി ജയശ്രീക്ക് മുച്ചക്രവാഹനം എന്ന് നൽകാൻ കഴിയുമെന്ന് അറിയിക്കാമോ? | (ബി) & (സി) നാദാപുരം മണ്ഡലത്തിലെ തൂണേരി ബ്ലോക്കിലെ എടച്ചേരി ഗ്രാമപഞ്ചായത്തിലെ ശ്രീമതി.ജയശ്രീയുടെ മുച്ചക്ര വാഹനത്തിനു വേണ്ടിയുള്ള അപേക്ഷ കോർപ്പറേഷനിൽ 12.10.2017 ലാണ് ലഭിക്കുന്നത്. ടിയാളിൽ നിന്ന് അപേക്ഷയോടൊപ്പം ലഭിക്കാതിരുന്ന രേഖകൾക്കായി 16.10.2019 ന് കത്തയച്ചിട്ടുണ്ട്. ടി രേഖകൾ ലഭിക്കുന്ന മുറയ്ക്ക് സീനിയോരിറ്റിയുടേയും അർഹതയുടെയും അടിസ്ഥാനത്തിൽ മാനദണ്ഡങ്ങൾക്ക വിധേയമായി മുച്ചക്രവാഹന വിതരണത്തിനായി ടിയാളെയും പരിഗണിക്കുന്നതാണ്. |

Jaswin Thomas

സെക്ഷൻ ഓഫീസർ